9 (*263) നെൽക്കൃഷിക്ക് പ്രോത്സാഹനം നൽകാൻ പദ്ധതികൾ

ശ്രീ. കെ.കെ. രാമചന്ദ്രൻ മാസ്റ്റർ :
ശ്രീ. കെ.പി. വിശ്വനാഥൻ :
ശ്രീമതി റോസമ്മ ചാക്കോ :
ശ്രീ. കെ. മുഹമ്മദാലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ നെൽക്കൃഷിയുടെ വ്യാപ്തിയും ഉൽപ്പാദനവും കഴിഞ്ഞചില വർഷങ്ങളായി കുറഞ്ഞുവരികയാണെന്ന വസ്തുത ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അതിനുള്ള കാരണങ്ങൾ വിശകലനം ചെയ്തിട്ടുണ്ടോ;

(സി) നെൽക്കൃഷിമേഖലയിലെ തൊഴിലാളി ദാരിദ്ര്യവും കൃഷി ഒട്ടും ആദായകരമല്ലാതായി മാറുന്നതുമാണ് ഉൽപ്പാദനത്തിൽ കുറവുണ്ടാകുന്നതിനുള്ള പ്രധാനകാരണമെന്നകാര്യം പരിഗണിച്ചിട്ടുണ്ടോ;

(ഡി) ഇത് പരിഹരിക്കാൻ കൃഷിക്കാരിൽനിന്നും ഈ രംഗത്ത് പ്രവർത്തിക്കുന്നവരിൽനിന്നും അഭിപ്രായ ശേഖരണം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഇ) നെൽക്കൃഷിക്ക് പ്രോൽസാഹനം നൽകാൻ കേന്ദ്രം ആവിഷ്കരിച്ചുനടപ്പാക്കാൻ പോകുന്ന പദ്ധതികളെക്കുറിച്ച് ഗവൺമെന്റിന് അറിവുണ്ടോ;

(എഫ്) അതിന്റെ പ്രയോജനം പരമാവധി സംസ്ഥാനത്തിന് ലഭ്യമാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു എന്ന് വെളിപ്പെടുത്തുമോ;

കൃഷി വകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) :

(എ) ഉണ്ട്.

(ബി) ഉണ്ട്. ഇതര വിളകളിൽ നിന്നുകിട്ടുന്ന ആദായവുമായി താരതമ്യപ്പെടുത്തുമ്പോൾ നെൽക്കൃഷിയിൽനിന്നുകിട്ടുന്ന ആദായം കുറവാണെന്ന തെറ്റിദ്ധാരണ. ഇതരവിളകളെക്കാൾ പരിചരണത്തിന്റെ ആവശ്യകത, യഥാസമയം തൊഴിലാളികളെ ലഭിക്കാത്ത അവസ്ഥ തുടങ്ങി നിരവധി പ്രശ്നങ്ങൾ നെൽക്കൃഷി ചെയ്യുന്നതിൽനിന്നും കർഷകരെ പിൻതിരിപ്പിക്കുന്ന ഘടകങ്ങളാണെന്ന് മനസ്സിലാക്കുന്നു. നെൽപ്പാടങ്ങൾ ഇതര ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്നതും നികത്തുന്നതും ഇരുപ്പുനിലങ്ങളിൽ ഒരുപ്പുക്കൃഷി ചെയ്യുന്നതും നെൽക്കൃഷി ചെയ്യുന്ന സ്ഥലത്തിന്റെ വിസ്തൃതി കുറയുന്നതിന് കാരണമാകുന്നു. ഇന്ന് നെല്ലുല്പാദനത്തിൽ കുറവുണ്ടാകുന്നതിനും കാരണമാകുന്നു.

(ഡി) കർഷക സംഘടനകളുമായി പല സന്ദർഭങ്ങളിലും ചർച്ച നടത്തി അഭിപ്രായം സ്വരൂപിക്കുന്നുണ്ട്. നെൽക്കൃഷിരംഗത്തെ മൊത്തം പ്രശ്നങ്ങൾ പഠിച്ച് പരിഹാരമാർഗ്ഗങ്ങൾ കണ്ടെത്താൻ സർക്കാർ നിയോഗിച്ച ഡോ. കെ.എൻ. ശ്യാമസുന്ദരൻ നായർ കമ്മിറ്റി കർഷകരുടെ അഭിപ്രായങ്ങൾ സ്വരൂപിച്ചുവരുന്നുണ്ട്.

(ഇ)&(എഫ്) ഭക്ഷ്യോല്പാദനം ഇരട്ടിയാകുന്നതിനുള്ള ഒരു പദ്ധതിക്ക് കേന്ദ്ര ഗവൺമെന്റ് രൂപം നൽകുന്നതായി അറിഞ്ഞിട്ടുണ്ട്. അതിന്റെ

LIBRARY ARCHIVES Kerala Legislative Assembly

അടിസ്ഥാനത്തിൽ, സംസ്ഥാനത്ത് നെല്ലുല്പാദനം ഇരട്ടിയാക്കുന്നതിനുള്ള തായി 383 കോടി രൂപ അടങ്കൽ തുകയ്ക്കുള്ള ഒരു പദ്ധതി കേന്ദ്രം പദ്ധതി പ്രഖ്യാപിച്ച അന്നുതന്നെ അംഗീകാരത്തിനായി കേന്ദ്രഗവൺമെന്റിന് സമർപ്പി ച്ചിട്ടുണ്ട്.

10 (*264) കേന്ദ്ര ബഡ്ജറ്റിൽ അധിക വിഭവ സമാഹരണത്തിന് ഏർപ്പെടുത്തിയ സർചാർജ്

ശ്രീ. ജി. സുധാകരൻ :
ശ്രീ. ടി.കെ. ബാലൻ :
ശ്രീ. പി.ടി. കുഞ്ഞിമുഹമ്മദ് :
ശ്രീ. പിരപ്പൻകോട് മുരളി :
ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്രബജറ്റിൽ അധിക വിഭവസമാഹരണത്തിൽ സർച്ചാർജ് ഏർപ്പെടുത്തിയതുകാരണം സംസ്ഥാനങ്ങൾക്ക് വരുമാന നഷ്ടം ഉണ്ടാകു മെന്നകാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ കേരളത്തിന് ഉണ്ടാകാവുന്ന നഷ്ട ത്തിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(സി) കേന്ദ്ര സംസ്ഥാന വിഭവ കൈമാറ്റം കുറഞ്ഞുവരുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഇക്കാര്യത്തിൽ കഴിഞ്ഞ രണ്ടുവർഷങ്ങളിലുണ്ടായ കുറവെത്രയാണെന്ന് വിശദമാക്കുമോ;

(ഇ) സംസ്ഥാന പദ്ധതികൾക്കുള്ള കേന്ദ്രസഹായം, കേന്ദ്രം നേരിട്ട് നടപ്പാക്കുന്ന പദ്ധതികൾക്കുള്ള സഹായം എന്നിവയിൽ കുറവുവന്നിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ

(എഫ്) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) :

(എ) ഉണ്ട്.

(ബി) ഉദ്ദേശം 4.67 കോടി രൂപയോളം വരും.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) പത്താം ധനകാര്യ കമ്മിഷൻ ശുപാർശ പ്രകാരം 1996-97 മുതൽ ലഭിക്കേണ്ടിയിരുന്ന 29 ശതമാനം ആൾട്ടർനേറ്റ് ഡെവല്യൂഷൻ സ്കീം ഇതുവരെ കേന്ദ്രം നടപ്പാക്കാത്തതിനാൽ സംസ്ഥാനത്തിന് 96-97 മുതൽ 98-99 വരെ ഏകദേശം 250 കോടി രൂപയുടെ വരുമാനം കുറവുണ്ടായിട്ടുണ്ട്.

(ഇ)&(എഫ്) സംസ്ഥാന പദ്ധതികൾക്കുള്ള കേന്ദ്ര സഹായത്തിൽ കുറവുണ്ടായിട്ടില്ല. എന്നാൽ കേന്ദ്രം നേരിട്ട് നടപ്പാക്കുന്ന പദ്ധതികൾക്കുള്ള സഹായത്തിൽ കുറവുണ്ടായിട്ടുണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുള്ള സംസ്ഥാനവിഹിതം 1996-97 നെ അപേക്ഷിച്ച് 97-98 ൽ 34.33 കോടി രൂപയുടെ കുറവുണ്ടായിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly